


കുറിപ്പുകൾ ● മുഹമ്മദ് പാലത്ത്

# ഇസ്‌ലാമിക് ഫൈനാൻസ് മേഖലക്ക് പ്രതീക്ഷ നൽകി അന്താരാഷ്ട്ര സെമിനാർ

**ഇന്ത്യയിൽ അധികം വൈകാതെ ഇസ്‌ലാമിക് ഫൈനാൻസ് മേഖലയിൽ വൻ വളർച്ചയുണ്ടാവും എന്ന പ്രതീക്ഷയോടെയാണ് രണ്ടാമത്തെ അന്താരാഷ്ട്ര സെമിനാർ സമാപിച്ചത്.**

**ഇസ്‌ലാമിക** സാമ്പത്തിക ശാസ്ത്രത്തെയും ഫൈനാൻസിനെയും കുറിച്ച സൈദ്ധാന്തിക ചർച്ചകളാണ് ഇന്ത്യയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇതുവരെ നടന്നിരുന്നത്. ആ കാലം കഴിഞ്ഞെന്നും, അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഈ മേഖലയെ മിക്ക രാഷ്ട്രങ്ങളും വൻ ബിസിനസ് ഗ്രൂപ്പുകളും ഏറ്റവും നല്ല നിക്ഷേപരീതിയായി ഏറ്റെടുത്തിരിക്കുന്നുവെന്നും വ്യക്തമാക്കുന്നതായിരുന്നു മുബൈയിൽ നടന്ന അന്താരാഷ്ട്ര ഇസ്‌ലാമിക് ഫൈനാൻസ് സെമിനാർ. വികസിത രാജ്യമാവാൻ കുതിക്കുന്ന ഇന്ത്യക്ക് കൂടുതൽ വിദേശ നിക്ഷേപവും അതു വഴി സാമ്പത്തിക വളർച്ചയും കൈവരിക്കാൻ ഇസ്‌ലാമിക് ബാങ്കിംഗിന് അനുകൂലമായ നീക്കങ്ങൾ അധികം വൈകാതെ സർക്കാർ ഭാഗത്തുനിന്നുണ്ടാവുമെന്ന് സെമിനാറിൽ പങ്കെടുത്ത ഇന്ത്യയിലെയും വിദേശത്തെയും നിക്ഷേപകരും വിദഗ്ധരും പ്രത്യാശ പ്രകടിപ്പിച്ചു.

ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക വളർച്ച ത്വരിതഗതിയിലാക്കുന്നത് നിക്ഷേപത്തിന്റെ വർധനവാണ്. ഇന്ത്യയടക്കമുള്ള മിക്ക രാഷ്ട്രങ്ങളും നിക്ഷേപത്തിന്റെ ദൗർലഭ്യം അനുഭവിക്കുന്നു. അതിനാലാണ് വിദേശ നിക്ഷേപം സ്വാഗതം ചെയ്യുന്നത്. ലോകത്ത് രണ്ട് മേഖലകളിലാണ് അധിക നിക്ഷേപം ഉള്ളത്- ഗൾഫ് മേഖലകളിലും ചൈനയിലും. മറ്റു രാഷ്ട്രങ്ങൾ വിദേശ നിക്ഷേപം ലഭിക്കാനായി മത്സരിക്കുന്നു. ചൈനക്ക് ഇന്ത്യയിൽ നിക്ഷേപമിറക്കാൻ മുമ്പേ താൽപര്യമില്ല. ഗൾഫ് നിക്ഷേപങ്ങൾ ആകർഷിക്കാൻ അമേരിക്ക, ബ്രിട്ടൻ,

ജർമനി തുടങ്ങിയ വികസിത രാജ്യങ്ങളെല്ലാം മത്സരത്തിലാണ്. ശരീഅത്ത് നിയമങ്ങൾക്കനുസൃതമായ നിക്ഷേപാവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടാണിത്. അതിനായി ഇസ്‌ലാമിക് ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ, ഓഹരി വിപണികൾ എന്നിവയെല്ലാം സജ്ജമാക്കുന്നു. നിലവിലുള്ള ബാങ്കുകളിൽ ശരീഅത്ത് കൗണ്ടറുകൾ തുടങ്ങുന്നു. എന്നാൽ ലോക സാമ്പത്തിക സ്ഥാപനങ്ങൾ ഏറ്റവും താൽപര്യപൂർവം നോക്കിക്കാണുന്ന ഏറ്റവും വലിയ വിപണികളിലൊന്നായ ഇന്ത്യയിൽ, ഗൾഫ് നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള യാതൊരു നീക്കവും സർക്കാർ ഭാഗത്തു നിന്നുണ്ടായിട്ടില്ല. വൈകാതെ ഈ ദിശയിൽ നീക്കങ്ങളുണ്ടാവും എന്ന പ്രതീക്ഷയോടെയാണ് ഇന്ത്യയിലെ ഇസ്‌ലാമിക് ഫൈനാൻസ് രംഗം ശക്തിപ്പെടുത്താൻ ഇത്തരമൊരു സെമിനാർ സംഘടിപ്പിക്കപ്പെട്ടത്.

ഇന്ത്യയിലെയും വിദേശത്തെയും ഇസ്‌ലാമിക് ഫൈനാൻസ് സ്ഥാപനങ്ങളുടെ തലവന്മാരാണ് സെമിനാറിൽ പങ്കെടുത്തവരിലധികവും. പലിശയധിഷ്ഠിത സാമ്പത്തിക വിനിമയങ്ങൾക്കു പകരം ലാഭ-നഷ്ട പങ്കാളിത്തത്തിൽ ഇസ്‌ലാമിക ശരീഅത്തനുസൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് ഇസ്‌ലാമിക് ഫൈനാൻസ് സ്ഥാപനങ്ങൾ എന്നു പറയുന്നത്. ലോകത്ത് ഇപ്പോൾ ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ, ഓഹരി ബ്രോക്കിംഗ് ഏജൻസികൾ, മ്യൂച്ചൽ ഫണ്ടുകൾ തുടങ്ങി 350-ലേറെ സ്ഥാപനങ്ങളിലായി 1000 ബില്യൻ ഡോളറിലേറെ ആസ്തി ഇസ്‌ലാമിക് ഫൈനാൻസിനുണ്ട്. ഇതിൽ നാലിലൊരു ഭാഗം പാശ്ചാത്യ രാഷ്ട്രങ്ങളിലാണ് എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണെന്ന് സെമിനാറിൽ പങ്കെടുത്ത അന്താരാഷ്ട്ര ഇസ്‌ലാമിക് ഫൈനാൻസ് വിദഗ്ധൻ ഡോ. മുൻദിർ കഹഫ് പറഞ്ഞു.

കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യയിലെയും വിദേശത്തെയും വിവിധ ബാങ്കുകളുടെ തകർച്ചക്കിടയാക്കിയത് പലിശാധിഷ്ഠിത വ്യവസ്ഥയുടെ ആന്തരിക വൈകല്യങ്ങളാണ്. ഇസ്‌ലാമിന്റെ പലിശരഹിതവും മാനുഷിക മുഖമുള്ളതുമായ ബാങ്കിംഗ് സമ്പ്രദായം പിന്തുടർന്നിരുന്നുവെങ്കിൽ തകർച്ചയെ അഭിമുഖീകരിക്കേണ്ടിവരില്ലായിരുന്നു എന്ന് മുംബൈ മെർക്കന്റയിൽ കോ-ഓപറേറ്റീവ് ബാങ്ക് ചെയർമാൻ മഹ്ബൂബുർറഹ്മാൻ പറഞ്ഞു.

ഇന്ത്യയിൽ ഇസ്‌ലാമിക് ഫൈനാൻസ് രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികൾ പങ്കെടുത്ത് നടത്തിയ പാനൽ ചർച്ച ഈ രംഗത്ത് ഏറെ പ്രതീക്ഷ നൽകുന്നതായിരുന്നു. ഇന്ത്യയിലെ മുസ്‌ലിംകൾ ഇസ്‌ലാമിക് ഫൈനാൻസ് രംഗം പരീക്ഷിക്കാൻ മടിച്ചിരിക്കുമ്പോൾ, ഇസ്‌ലാമിക് ബാങ്കിംഗ് അനുവദിച്ചാൽ ഉടനെ ആരംഭിക്കാൻ തയാറാണ് എന്ന റിലയൻസ് ഗ്രൂപ്പ് പ്രതിനിധി ദേവേശ് കുമാറിന്റെ പ്രസ്താവന ഈ രംഗം എങ്ങോട്ടുപോകുന്നു എന്ന് വ്യക്തമാക്കുന്നു. പലിശ സംവിധാനത്തിലുള്ള വളർച്ചയേക്കാൾ കൂടുതൽ ഉൽപാദനക്ഷമതയും നേട്ടവും കൈവരിക്കാൻ കഴിയുന്ന നിക്ഷേപ രീതിയായി ഇസ്‌ലാമിക് ഫൈനാൻസിനെ ലോകം അംഗീകരിച്ചിരിക്കുന്നു. മാത്രമല്ല, അധികനിക്ഷേപം ആർജിക്കാനുള്ള എളുപ്പവഴിയും ഇതുതന്നെ. മുംബൈയിലെ ഇസ്‌ലാമിക് ഓഹരി ബ്രോക്കിംഗ് ഏജൻസിയായ ഇദാഫ ഇൻവെസ്റ്റ്മെന്റ്സ് മാനേജിംഗ് ഡയറക്ടർ അശ്റഫ് മുഹമ്മദി നയിച്ച പാനൽ ചർച്ചയിൽ മറ്റൊരു ശരീഅത്ത് ഓഹരി ബ്രോക്കിംഗ് ഏജൻസിയായ പർസോളി (Parsoli) കോർപറേഷൻ മാനേജിംഗ് ഡയറക്ടർ സറഫ് സാരെ വാലെ, റെലിഗേർ (Religare) സെക്യൂരിറ്റീസ് തലവൻ റോക്ക വലിയദാരി, റിലയൻസ് മണി ഡി.ഇ.ഒ ദേവേശ് കുമാർ, നാഷ്നൽ സ്റ്റോക്ക് എക്സ്ചേഞ്ച് പ്രതിനിധി സുരേഷ് നാരായണൻ എന്നിവർ പങ്കെടുത്തു.

മൂന്നു ദിവസം നീണ്ടുനിന്ന പരിപാടിയിൽ ദുബൈ ബാങ്ക് ശരീഅത്ത് അഡ്വൈസർ യൂസഫ് അസീം സിദ്ദീഖി, ന്യൂയോർക്കിലെ കാലിക്സ് കാപിറ്റൽ ചീഫ് എക്സിക്യൂട്ടീവ് ഡഗ്ലാസ് ജോൺസൺ, യു.എസ്.എയിലെ ക്രസന്റ് പാർട്ട്ണേഴ്സ് പ്രതിനിധി ദിലീപ് മസന്ത്, ടാറ്റ മ്യൂച്ചൽ ഫണ്ട് ചീഫ് ഓപറേറ്റിംഗ് ഓഫീസർ ഹോർമുസ് ബൽസാറ, ബാംഗ്ലൂരിലെ ബെയറി ഇന്ത്യ ലിമിറ്റഡിന്റെ സി.ഇ.ഒ ഡോ. ശാരീഖ് നിസാർ, ഇൻഫ്രാസോഫ്റ്റ് ടെക്നോളജീസ് എം.ഡി ഹനുമാൻ ത്രിപാഠി, ആനന്ദ് ബീർ സിംഗ് (ജോൺസ് ലാംഗ് ലെസ്‌ലെ), എം.സി.എക്സ് ജോയന്റ് മാനേജിംഗ് ഡയറക്ടർ ലാമൻ രത്തൻ, ടാസിസ് ചീഫ് പ്രൊമോട്ടർ മുഹമ്മദ് ഹുസൈൻ ഖാട്ഖടെ, സെബി മുൻ ചെയർമാൻ ഡോ. എം.വൈ ഖാൻ, എസ്.ആർ.ഇ.ഐ ഫൈനാൻസ് പ്രതിനിധി എസ്.ബി തിവാരി, എ.ഐ.സി.എൽ പ്രതിനിധി കെ.കെ അലി എന്നിവർ സംസാരിച്ചു.

ഇസ്‌ലാമിക് ഫൈനാൻസിലെ നൂതന രീതികളായ മുറാബഹ ഫൈനാൻസിംഗ്, സുകൂക്, ക്രെഡിറ്റ് കാർഡ്, മ്യൂച്ചൽ ഫണ്ടുകൾ, പ്രോജക്റ്റ് ഫൈനാൻസിംഗ്, റിയൽ എസ്റ്റേറ്റ് ഫൈനാൻസിംഗ്, ഓഹരി വിപണിയിലെ ഡെറിവേറ്റീവ് രീതികൾ, ഓഹരി വിപണിയിലെ ശരീഅത്ത് ഇൻഡക്സിംഗ് തുടങ്ങി നിരവധി വിഷയങ്ങൾ വിശകലനം ചെയ്തു. ഇന്ത്യയിലും പുറത്തുമുള്ള ഇസ്‌ലാമിക് ബാങ്കിംഗ്-ഫൈനാൻസ് സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും ചർച്ചകളിൽ കടന്നുവന്നു.

ഇന്ത്യയിൽ അധികം വൈകാതെ ഇസ്‌ലാമിക് ഫൈനാൻസ് മേഖലയിൽ വൻ വളർച്ചയുണ്ടാവും എന്ന പ്രതീക്ഷയോടെയാണ് ഇന്ത്യയിലെ ഈ മേഖലയിലെ രണ്ടാമത്തെ അന്താരാഷ്ട്ര സെമിനാർ സമാപിച്ചത്. അന്താരാഷ്ട്ര ഇവന്റ് മാനേജ്മന്റ് കമ്പനിയായ IQPC (International Quality Management and Productivity Centre)ആണ് താജ് ലാന്റ്സ് എൻഡ് ഹോട്ടലിൽ പരിപാടി സംഘടിപ്പിച്ചത്. ■